നമ്പർ: 213/2018

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

*Copy for information*

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

കേരള സംസ്ഥാനം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയ ദുരന്തത്തിനും അതിൽ നിന്നുള്ള പുനരധിവാസത്തിനും സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. പത്ത് ലക്ഷത്തിലധികം ആളുകൾ ദുരിതാശ്വാസ കേന്ദ്രങ്ങളിലാവുകയും ഇരുപതിനായിരം കോടിയിൽ അധികം രൂപയുടെ നാശനഷ്ടം ഉണ്ടാവുകയും ചെയ്തിരിക്കുന്നു എന്ന് പ്രാരംഭ കണക്കുകൾ വെളിപ്പെടുത്തുന്നു. ദൈവകൃപയാലും ജനങ്ങളുടെ പരസ്പരസഹകരണത്താലും നമ്മുടെ സംസ്ഥാനം ഈ ദുരന്തത്തിൽനിന്ന് ഉയർത്തെഴുന്നേറ്റുവരുന്നു എന്നത് ആശ്വാസകരമാണ്.

പരിശുദ്ധ സഭയും ഏറ്റവും ശ്രേഷ്ഠമായ നിലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങൽ നൽകിവരുന്നു. രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും പുനരധിവാസ പ്രക്രിയയിലും നമ്മുടെ സഭയിലെ എല്ലാ ഇടവകകളും പ്രസ്ഥാനങ്ങളും ദയറാകളും ആശ്രമങ്ങളും വൈദികരും എല്ലാറ്റിലും ഉപരി നമ്മുടെ വിശ്വാസികളും ചെയ്ത ശുശ്രൂഷകൾ വാക്കുകൾകൊണ്ട് വർണ്ണിക്കാവുന്നതിലും അപ്പുറമാണ്. നമ്മുടെ ഇടവകകളുടെയും ആശ്രമങ്ങളുടെയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ആതുര ശുശ്രൂഷയും, അവശ്യവസ്തുക്കളുടെ ദാനവും നിർവ്വഹിച്ചു. കഷ്ടപ്പെടുന്നവരുടെ കണ്ണുനീരൊപ്പുവാനായി സഭ മുഴുവനും ഒരുമനസ്സോടെ മുന്നോട്ട് വന്നു. നമ്മുടെ ബാഹ്യകേരള മെത്രാസനങ്ങളുടെ പ്രത്യേക താൽപര്യത്തിൽ വിലമതിക്കാനാവാത്ത സഹായം എത്തിച്ചുതന്നു എന്നത് എടുത്തുപറയേണ്ടതാണ്. സഭയിലെ യുവജനങ്ങൾ സഹജീവികളുടെ രക്ഷയ്ക്കായി ഇറങ്ങി തിരിച്ചു എന്നത് ആത്മീയതയുടെ നിറഞ്ഞ ഹൃദയത്തോടെയല്ലാതെ അനുസ്മരിക്കാനാവില്ല. നമ്മുടെ കർത്താവിന്റെ രക്ഷണ്യ പദ്ധതിയിൽ പങ്കുകാരാകുവാൻ ദൈവം നമുക്ക് തന്ന അവസരമായി ഈ സമയത്തെ നാം കാണുകയും അപ്രകാരം നാനാവിധത്തിൽ നിസ്വാർത്ഥമായി സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും പരിശുദ്ധ സഭയ്ക്കുവേണ്ടി സ്നേഹപൂർവ്വം അറിയിക്കുകയും ചെയ്യുന്നു.

ദുരന്തബാധിതരുടെ പുനരധിവാസത്തിനായി 30 കോടി രൂപയെങ്കിലും സ്വരൂപിച്ച് വിനിയോഗിക്കണമെന്ന് നമ്മുടെ സഭാ സമിതികൾ തീരുമാനിക്കുകയുണ്ടായി. ദുരിതമനുഭവിക്കുന്നവർക്ക് പരമാവധി സഹായം എത്തിക്കുന്നതിന് സഭാമക്കളായ നിങ്ങളേവരുടെയും ആത്മാർത്ഥമായ പങ്കാളിത്തം ഇനിയും ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നു. സഭാതലത്തിൽ 30 കോടി രൂപ സമാഹരിക്കുന്നതിനായി

..........................................................................................................മെത്രാസനത്തിന് ..........................................രൂപയാണ് ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത്. ആ മെത്രാസനത്തിലെ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമായി ഈ തുക സമാഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രളയ ദുരിതം നേരിടുന്ന നമ്മുടെ സഹോദരങ്ങൾക്കായി കരുതലിന്റെ കരം നീട്ടിക്കൊടുക്കുവാൻ കഴിയുന്നത് വലിയ പുണ്യമായി കരുതി നിങ്ങളേവരും ഇക്കാര്യത്തിൽ തികച്ചും ആത്മാർത്ഥമായി സഹകരിക്കണം. നമ്മുടെ 202/2018 നമ്പർ കല്പനയിൽ എഴുതിയിരുന്നതുപോലെ ഓരോ ഇടവകയും അവരവരുടെ പ്രാപ്തിക്കൊത്തവണ്ണം ഈ ശുശ്രൂഷയിൽ സത്യസന്ധമായി സഹകരിക്കുകയും താഴെ പറയുന്ന അക്കൗണ്ടിലേക്ക് തുകകൾ സ്വരൂപിച്ച് അയയ്ക്കുകയും ചെയ്യണം.

ഇന്ത്യൻ രൂപയിലുള്ള തുകകൾ: **A/c No. 57017053190, SBI Devalokam Branch, IFSCode SBIN 0070820, Name of Accout Holder: H H Baselios Marthoma Paulose II - Natural Calamity.**

വിദേശ കറൻസിയിലുള്ള തുകകൾ: **A/c No. 57008125180, SBI, Kottayam Civil Station Branch, Swift Code: SBININBBT15, Account Holder: H. H. Baselios Marthoma Paulose II.**

(മറുപുറം)

അക്കൗണ്ടിലേക്ക് പണം അയയ്ക്കുന്നവർ അയച്ചവിവരം catholicateoffice@mosc.in ലേക്ക് എഴുതി അറിയിക്കുന്നത് അക്കൗണ്ട് പരിശോധിക്കുന്നതിനും രസീത് അയച്ചുതരുന്നതിനും ഏറെ ഉപകരിക്കും. പ്രളയദുരന്തനിവാരണത്തിനായി മെത്രാസനങ്ങളിലേക്ക് നൽകപ്പെടുന്ന തുകകൾ സഭാ കേന്ദ്രത്തിലേക്ക് ടാർജറ്റിൻപ്രകാരം സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരള നാടിന്റെ സൗഖ്യവും പുനരധിവാസവും ദൈവകൃപയാൽ സാധ്യമാണ്. അത് നമ്മിലൂടെ നിർവ്വഹിക്കപ്പെടുമ്പോൾ അതിന് കൗദാശികവും ആത്മീകവും സാമൂഹികവുമായ ശ്രേഷ്ഠത ഉണ്ടാകുമെന്നതിൽ സംശയമില്ല. അതിനാൽ പൂർണ്ണമനസ്സോടെയും വിശുദ്ധിയോടെയും സമർപ്പണത്തോടെയും നമുക്ക് ഇത് നിർവ്വഹിക്കാം. ആയതിന് ദൈവത്തിന്റെ പരിശുദ്ധ റൂഹാ നമ്മെ വഴിനടത്തട്ടെ.

കർത്താവിൽ പ്രിയരെ,
നമ്മുടെ ഇടവകകൾക്കും ഇടവകാംഗങ്ങൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ, പരിശുദ്ധ സഭ നിർവ്വഹിച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയുടെ കണക്കെടുപ്പ് നടത്തേണ്ടത് പുനരധിവാസ പ്രവർത്തനങ്ങൾക്ക് അനിവാര്യമായതിനാൽ ഈ കൽപനയോടൊപ്പം അയയ്ക്കുന്ന ഫോറങ്ങൾ വികാരിയുടെ ചുമതലയിൽ പൂരിപ്പിച്ച് **അസോസിയേഷൻ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, കാതോലിക്കേറ്റ് അരമന, ദേവലോകം പി. ഒ, മുട്ടമ്പലം (വഴി), കോട്ടയം, കേരള - 686004** എന്ന വിലാസത്തിൽ സെപ്റ്റംബർ മാസം 20-ാം തീയതിക്കകം അയച്ചുതരേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോമാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 ഓഗസ്റ്റ് മാസം 24-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.